**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5302**
**01-07-2019 - ലെ മറുപടിക്ക്**

**എം.എൽ.എ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് സ്കൂളുകൾക്ക് വാഹനം**

| ചോദ്യം<br>**ശ്രീ.ടി.വി.ഇബ്രാഹിം** | മറുപടി<br>**ഡോ. റ്റി. എം. തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പമന്ത്രി)** |
|---|---|
| എ) എം.എൽ.എ. ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് സ്കൂളുകൾക്ക് വാഹനം വാങ്ങുന്നതിന് പ്രൊപ്പോസൽ നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും വാഹനം ലഭ്യമാക്കാൻ കഴിയാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ സർക്കാർ ചെയ്ത കാര്യങ്ങൾ അറിയിക്കാമോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും സർക്കാർ സ്കൂളുകളിൽ ബസ്സുകൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ട്.05/03/2019 ലെ സ.ഉ(സാധാ)നം.1648/2019/ധന ഉത്തരവ് പ്രകാരം 14 ജില്ലകളിലേയും വിദ്യാഭ്യാസ ഉപഡയറക്ടർമാരെ 4202-01-800-84NPV എന്ന ശീർഷകത്തിൽ ഡ്രോയിംഗ് & ഡിസ്ബേർസിംഗ് ഓഫീസർമാരായി നിയോഗിച്ച് ഉത്തരവായിട്ടുണ്ട്. |
| ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കൊണ്ടോട്ടി മണ്ഡലത്തിലെ വിവിധ സ്കൂളുകൾക്ക് 2017-18, 2018-19 വർഷങ്ങളിൽ വാഹനങ്ങൾക്ക് ഫണ്ട് നീക്കിവെച്ച് ഭരണാനുമതി ലഭിച്ചിട്ടും നാളിതുവരെയായി വാഹനം ലഭ്യമാക്കാൻ കഴിയാത്തതിന്റെ കാരണം അറിയിക്കാമോ; | 2017-18 സാമ്പത്തിക വർഷം 7 സ്കൂളുകൾക്ക് വാഹനം വാങ്ങി നൽകുന്നതിന് 15.02.2018 ന് ഭരണാനുമതി നൽകിയിരുന്നു.ആയതിൽ 5 സ്കൂളുകൾക്ക് മാത്രമേ മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർ വാഹനം വാങ്ങി നൽകിയിട്ടുള്ളൂ. രണ്ട് സ്കൂളുകൾക്ക് 8 സീറ്റുള്ള ചെറിയ വാഹനമാണ് വേണ്ടത്.പ്രസ്തുത വാഹനങ്ങളുടെ ഇ-ടെണ്ടറിൽ ആരും പങ്കെടുത്തില്ല.ആയതിനാൽ വാഹനം വാങ്ങുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ റീ-ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.<br>2018-19 സാമ്പത്തിക വർഷം 7 സ്കൂളുകൾക്ക് വാഹനം വാങ്ങി നൽകുന്നതിന് 17.12.2018 ന് ഭരണാനുമതി നൽകിയിരുന്നു.പ്രസ്തുത പ്രവൃത്തിയുടെ ബില്ല് 30.03.2019 ന് മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർ ട്രഷറിയിൽ സമർപ്പിച്ചിരുന്നെങ്കിലും തുക മാറി നല്കാൻ കഴിഞ്ഞില്ല. ആയതിനാൽ ഫണ്ട്സറണ്ടർ ചെയ്തിരുന്നു.ടി ഫണ്ട് ഈ സാമ്പത്തിക വർഷത്തിൽ നിന്നും വഹിയ്ക്കാവുന്നതാണ് എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) ഈ സ്കൂളുകൾക്ക് വാഹനം എന്നാണ് നൽകാൻ കഴിയുകയെന്ന് വ്യക്തമാക്കുമോ; | 2017-18 ൽ അനുമതി നൽകിയ വാഹനങ്ങൾക്ക് റീ-ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്കും,2018-19 ൽ അനുമതി നൽകിയ വാഹനങ്ങൾക്ക് നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്കും വാഹനം അനുവദിക്കുന്നതായിരിക്കും. |
| ഡി) ഇത്തരത്തിൽ പദ്ധതി നിർവ്വഹണത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ ഏതെങ്കിലും തരത്തിലുള്ള അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | വീഴ്ച വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**